**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2198** **20-01-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും സംസ്ഥാനത്ത് നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ആരോഗ്യ വകുപ്പ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സർക്കാരിന്റെ Plan fund ഉപയോഗിച്ച് Society for Medical Assistance to Poor എന്ന ഒരു ചികിത്സാധന സഹായ പദ്ധതി നിലവിൽ ഉണ്ട്. മാരകരോഗങ്ങളാൽ അവശത അനുഭവിക്കുന്ന 3 ലക്ഷത്തിൽ താഴെ വരുമാനം ഉള്ള നിർധനരായ രോഗികൾക്ക് സൊസൈറ്റി അംഗീകൃത സർക്കാർ ആശുപത്രിയിലെ ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ ഒറ്റത്തവണ ധനസഹായം അനുവദിച്ചു വരുന്നു. സാമൂഹിക സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന മിഠായി പദ്ധതിയിലും, Ankylosing Spondylitis പദ്ധതിയിലും ആരോഗ്യ വകുപ്പ് സാങ്കേതികമായ സഹകരണത്തിൽ ഏർപ്പെട്ടിട്ടുള്ളതാണ്. ഇതിൽ മിഠായി പദ്ധതി ടൈപ്പ് -1 പ്രമേഹരോഗമുള്ള കുട്ടികൾക്ക് സൗജന്യമായി ഇൻസുലിൻ പെൻ, ഇൻസുലിൻ പമ്പ്, കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്റർ എന്നിവ 18 വയസ്സുവരെ നൽകുന്നതിനുള്ള പദ്ധതിയാണ്, ഈ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട സാങ്കേതിക സഹായവും, സാറ്റ് ലൈറ്റ് സെന്ററുകൾ പ്രവർത്തിക്കുന്നതിന് ജില്ലാ ആശുപത്രികളെ സജ്ജീകരിക്കുകയുമാണ് ആരോഗ്യ വകുപ്പ് ചെയ്തുവരുന്നത്. സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാ ക്കിയ ഡയബറ്റിക് റെറ്റിനോപ്പതി പദ്ധതി യായ നയനാമൃതത്തിന്റെ സാങ്കേതിക സഹായം കേരള സംസ്ഥാന സാമൂഹിക സുരക്ഷാ മിഷനിൽ നിന്നും ലഭിച്ചിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ, | (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം എടുക്കുന്നതിനുള്ള മാനദണ്ഡവും അപേക്ഷിക്കേണ്ട |

| | | | |
|---|---|---|---|
| | അവ ലഭിക്കുന്നതിന് അപേക്ഷിക്കേണ്ട രീതി എന്നിവയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ? | | രീതിയും താഴെ പറയും പ്രകാരമാണ്. 2018-19 വർഷത്തിൽ പുതുക്കിയിട്ടുള്ള RSBY കാർഡ്, റേഷൻ കാർഡ്, ആധാർ കാർഡ്, എന്നിവയുമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) കിയോസ്കുകളിൽ സൗജന്യമായി അംഗ ത്വം എടുക്കുന്നതിനുള്ള സേവനം ലഭ്യമാ ക്കിയിട്ടുണ്ട്. കൂടാതെ 2011 കാസ്റ്റ് സെൻസസ് പ്രകാരം അർഹരായിട്ടുള്ളവർക്കും പദ്ധതി യുടെ ഗുണഫലം ലഭ്യമാകും. കെ. ബി. എഫ്./കാസ്പ് അപേക്ഷ നൽകുന്നതിനായി കേരളത്തിലെ 561 എംപാനൽഡ് ആശുപത്രികളിൽ സ്ഥാപിച്ച കിയോസ്കുകളെ സമീപിക്കാവുന്നതാണ്. എ.പി.എൽ, ബി.പി.എൽ വ്യത്യാസ മില്ലാതെ 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം വരുന്ന എല്ലാ കുടുംബങ്ങളും കെ.ബി.എഫ് പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്. കെ.ബി.എഫ് പദ്ധതിയിൽ മുകളിൽ സൂചിപ്പിച്ച AB-PMJAY -KASP ഹെൽത്ത് ബെനഫിറ്റ് പാക്കേജ് ഉപയോഗിച്ചുള്ള സൗജന്യ ചികി ത്സ KASP എംപാനൽഡ് ആശുപത്രികൾ മുഖാന്തിരം ലഭ്യമാക്കുന്നുണ്ട്. Society for Medical Assistance to Poor പദ്ധതിയിൽ അപേക്ഷ സമർപ്പിക്കേണ്ടത് തപാൽ മുഖേനയാണ്. അപേക്ഷകൾ അയക്കേണ്ട മേൽ വിലാസം മെമ്പർ സെക്രട്ടറി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം വഞ്ചിയൂർ. പി.ഒ, തിരുവനന്തപുരം- 695035 എന്നതാണ്. |

സെക്ഷൻ ഓഫീസർ